LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് രാസകീടനാശിനികൾ പരമാവധി കുറച്ച് നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും കർഷകർക്ക് കഴിയുന്നു. ചില അഗ്രോസർവ്വീസ് സെന്ററുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ബയോഫാർമസികൾ മുഖേന ജൈവ കീടരോഗ നിയന്ത്രണോപാധികളായ ജൈവകീടനാശിനികൾ കർഷകർക്ക് ലഭ്യമാക്കുന്നു.

അനങ്ങനടി വിത്തുല്പാദനകേന്ദ്രം

58 (4446) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടിയിൽ പ്രവർത്തിക്കുന്ന വിത്തുല്പാദനകേന്ദ്രത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ഷൊർണ്ണൂർ മണ്ഡലത്തിലെ അനങ്ങനടി സംസ്ഥാന വിത്തുൽപ്പാദന ഫാമിൽ ആകെ 17 ഏക്കർ ഭൂമിയുണ്ട്. അതിൽ 8 ഏക്കർ നെൽവയലുകളിൽ നിന്നും പ്രതിവർഷം 2 വിളകളിൽനിന്നായി 12 ടൺ നെൽവിത്തും 7 ഏക്കറിൽനിന്നും 1.5 ടൺ പച്ചക്കറി വിത്തും 25000 പച്ചക്കറിത്തൈകളും ഉൽപ്പാദിപ്പിച്ചുവരുന്നു. ബാക്കിയുള്ള 2 ഏക്കറിൽ നടീൽവസ്തുക്കളുടെ ഉൽപ്പാദനത്തിനായുള്ള പോളി ഹൗസ്, മഴമറ, പോട്ടിംഗ് ഷെഡുകൾ, 3 കുളങ്ങൾ, മണ്ണിരകമ്പോസ്റ്റ് യൂണിറ്റ്, ഓഫീസ് കെട്ടിടം, തൊഴിലാളികളുടെ വിശ്രമ മുറി, ക്വാർട്ടേഴ്സ് എന്നിവ സ്ഥിതി ചെയ്യുന്നു.

(ബി) ഈ സ്ഥാപനത്തിന്റെ സൗകര്യങ്ങൾ, പ്രവർത്തനം എന്നിവ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഫാമിന്റെ ഭൂമിയും കൃഷിയും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനായി ജില്ലാപഞ്ചായത്ത് 2021-22-ൽ 30 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ നടീൽ വസ്തുക്കളുടെ ഉത്പാദന പ്രക്രിയകൾക്കായുള്ള പോളി ഹൗസ്, മഴമറകൾ, പോട്ടിംഗ് ഷെഡുകൾ, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, പന്തൽ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായി സുഭിക്ഷകേരളം പദ്ധതിയുടെ കീഴിൽ 10 ലക്ഷം രൂപയുടെ പദ്ധതി ജില്ലാപഞ്ചായത്ത് ഈ വർഷം നടപ്പിലാക്കുന്നുണ്ട്. കൃഷി വകുപ്പിൽനിന്നും 9.14 ലക്ഷം രൂപയുള്ള വിവിധ സ്കീമുകൾ മുഖേന ടി ഫാമിന്റെ ഉൽപ്പാദനം ഉയർത്തുന്നതിനും പച്ചക്കറി-നെൽ വിത്തുൽപ്പാദനത്തിനും സംസ്കരണത്തിനുമായി 2021-22-ൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. "നെൽ വിത്തുൽപ്പാദനം സീഡ് ഫാമുകളിലൂടെ" എന്ന സ്കീമിൽ 6.20 ലക്ഷവും, "ഒരു കോടി ഫല വൃക്ഷങ്ങൾ" എന്ന സ്കീമിൽ 1.20 ലക്ഷവും "നടീൽവസ്തുക്കളുടെ ഉൽപ്പാദനം" എന്ന സ്കീമിൽ 1.74 ലക്ഷം രൂപയും ഇതുവരെ നൽകിയിട്ടുണ്ട്. ഫാമിന്റെ ചുറ്റുമതിൽ പൂർത്തീകരണം, ചാലുകൾക്ക് കയർ

LIBRARY ARCHIVES Kerala Legislative Assembly

ഭൂവസ്ത്ര സംരക്ഷണം, വരമ്പുകളുടെ പുനർനിർമ്മാണം, പച്ചക്കറിത്തൈകളുടെ ഉൽപ്പാദന യൂണിറ്റ് സ്ഥാപിക്കൽ, വന്യമൃഗങ്ങളിൽനിന്ന് പച്ചക്കറിത്തോട്ടത്തിന്റെ സംരക്ഷണം, മാതൃസസ്യത്തോട്ടം സ്ഥാപിക്കൽ, കുരുമുളക് തൈകൾക്കുള്ള ഷെഡ്, ലിഫ്റ്റ് ഇറിഗേഷൻ, പ്ലാസ്റ്റിക് കുളം നവീകരണം, കുളങ്ങളുടെ എക്കൽ നീക്കലും നന്നാക്കലും, തൊഴിലാളികളുടെ വിശ്രമഷെഡ്, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ നവീകരണം എന്നീ പദ്ധതികൾകൂടി നടപ്പാക്കുവാൻ ഫാം കൗൺസിൽ തീരുമാനം എടുത്തിട്ടുണ്ട്. ടി ഫാമിൽ ഒരു കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഒരു കൃഷി അസിസ്റ്റന്റ് എന്നിവർ സേവനമനുഷ്ഠിക്കുന്നു. 19 സ്ഥിരം തൊഴിലാളികളുടെ തസ്തികകളുള്ളതിൽ 14 പേർ നിലവിൽ ജോലിചെയ്യുന്നു. ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 5 സ്ഥിരം തൊഴിലാളികളുടെ നിയമനം നടത്തുന്നതിനായി സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

ഇരിമ്പിളിയം കൃഷിഭവൻ നിർമ്മാണം

59 (4447) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ ഇരിമ്പിളിയം കൃഷിഭവന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇതുസംബന്ധിച്ച് മലപ്പുറം ജില്ല മുഖ്യകൃഷി ഓഫീസറുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ആയത് കൃഷി വകുപ്പ് ഡയറക്ടർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(സി) പ്രസ്തുത കൃഷിഭവന്റെ ശോചനീയാവസ്ഥ പരിഗണിച്ച് നടപ്പുവർഷത്തെ പ്ലാൻ ഫണ്ടിലോ മറ്റേതെങ്കിലും ഫണ്ടിലോ ഉൾപ്പെടുത്തി ആയത് പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-സി) ഇരിമ്പിളിയം കൃഷിഭവൻ കെട്ടിടം പൂതുക്കി പണിയുന്നത് സംബന്ധിച്ച പ്രൊപ്പോസൽ മലപ്പുറം പ്രിൻസിപ്പൽ കൃഷിഓഫീസർ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നു. നിലവിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ കൃഷിഭവന്റെ നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട് നീക്കി വച്ചിട്ടില്ല. കൃഷിഭവനുകൾ അതത് പഞ്ചായത്തുകൾക്ക് കൈമാറി നൽകിയിട്ടുള്ളതിനാൽ കൃഷിഭവനുകളുടെ കെട്ടിടം പുതുക്കി നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ലഭ്യമാക്കേണ്ടത്.